**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗുരുവായൂർ നഗരസഭയിൽ 2009-10 സാമ്പത്തിക വർഷം നടപ്പാക്കിയ മഴപ്പൊലിമ പദ്ധതി നടത്തിപ്പിലെ അപാകത ചൂണ്ടിക്കാട്ടി അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബസിഡിയിനത്തിൽ നല്കിയ തുകകയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ) നം.836/2016/തസ്വഭവ. തിരുവനന്തപുരം, തീയതി: 26/02/2016.

പരാമർശം: 1. ഗുരുവായൂർ നഗരസഭ സെക്രട്ടറിയുടെ 23/02/15-ലെ ആർ4(എ 2)-9549/11 നമ്പർ കത്ത്.

2. 24/07/14-ലെ സ.ഉ.(കൈ.). 183/07/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

3. അക്കൗണ്ട് ജനറലിന്റെ എൽ.ബിഎ(എച്ച്.ക്യൂ)III/84/7470/50 നമ്പർ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം-IV(ii).

4. ഗുരുവായൂർ നഗരസഭ കൗൺസിലിന്റെ 30/09/2015- ലെ 7-ാം നമ്പർ തീരുമാനം.

## ഉത്തരവ്

ഗുരുവായൂർ നഗരസഭയിൽ 2009-10 സാമ്പത്തിക വർഷം നടപ്പാക്കിയ മഴപ്പൊലിമ പദ്ധതി നടത്തിപ്പിലെ അപാകത ചൂണ്ടിക്കാട്ടി 2.62 ലക്ഷം രൂപ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിൽ നിരാകരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണഉദ്യോഗസ്ഥനായിരുന്ന അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ ശ്രീ . കെ . ചാത്തപ്പന് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി ബാധ്യതരഹിത സാക്ഷ്യപത്രം നല്കുന്നതിനായി അക്കൗണ്ടന്റ് ജനറൽ നിരാകരിച്ചിട്ടുള്ള 2.62 ലക്ഷം രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകുന്നതിനായാണ് ഗുരുവായൂർ നഗരസഭ സെക്രട്ടറി **പരാമർശം(1) പ്രകാരം** അപേക്ഷിച്ചിട്ടുണ്ട് . 2009-10 കാലയളവിൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ ശ്രീ . കെ . ചാത്തപ്പൻ നിർവ്വഹണഉദ്യോഗസ്ഥനായി മഴപ്പൊലിമ എന്ന പദ്ധതി ഗുരുവായൂർ നഗരസഭയിൽ നടപ്പാക്കി . ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പദ്ധതിയുടെ അടങ്കൽ 2,61,895 രൂപ വികസന ഫണ്ടും 8,105 രൂപ തനതുഫണ്ടും 90,000 രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പടെ 3.60 ലക്ഷം രൂപയാണ് . ഗുരുവായൂർ നഗരസഭയിൽ ജലലഭ്യത ലക്ഷ്യമാക്കി മേൽക്കൂരയിൽ നിന്നും പൈപ്പുവഴി മഴവെള്ളം കിണറുകളിൽ സംഭരിക്കാനാണ് മഴപ്പൊലിമ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത് .

**2)** ടി പദ്ധതിയുടെ ഒരു യൂണിറ്റിനു 4000 രൂപയാണ് ചെലവ് അതിൽ 3000 രൂപ (75%) സബ്സിഡി ആയി നൽകുന്നു . ഗുണഭോക്തൃ സമിതി മുഖേന പൂർത്തിയാക്കിയ പദ്ധതിയ്ക്കു ബിൽ നം .8/09-10, 12/09-10 പ്രകാരം 261895/- രൂപ മാറി കൺവീനർക്കു നൽകിയിട്ടുള്ളതുമാണ്. 11- മത് പഞ്ചവത്സര പദ്ധതി സബസിഡിയും ബന്ധപ്പെട്ട വിഷയങ്ങളുംസംബന്ധിച്ച മാർഗ്ഗരേഖയായ **പരാമർശം(2) ലെ**

**ഉത്തരവു**പ്രകാരമാണ് വിവിധ വകുപ്പുകൾക്ക് പദ്ധതികൾ നടപ്പിലാക്കുമ്പോൾ നൽകുന്ന സബ്സിഡി നിരക്കുകളും മാനദണ്ഡങ്ങളും വ്യക്തമാക്കിയിട്ടുള്ളത് . പ്രസ്തുത മാർഗ്ഗരേഖപ്രകാരം കിണർ റീചാർജ്ജിംഗിനു സബ്സിഡി നൽകാൻ വ്യവസ്ഥ ചെയതിട്ടില്ല എന്ന കാരണത്താലാണ് ഏ ജി ഓഡിറ്റിൽ **(പരാമർശം-3)** പ്രസ്തുത പദ്ധതിയ്ക്കു സബ്സിഡിയിനത്തിൽ നല്കിയ തുക തടസ്സപ്പെടുത്തിയത്.

**3)** നിരവധി തീർത്ഥാടകരെത്തുന്ന ഗുരുവായൂരിൽ മാലിന്യനിക്ഷേപം വഴി ശുദ്ധജലദൗർലഭ്യവും വേനൽക്കാലത്തെ ജലക്ഷാമവും രൂക്ഷമായി അനുഭവപ്പെട്ടുവരുന്ന സാഹചര്യത്തിലാണ് മഴപ്പൊലിമ എന്ന പദ്ധതി ആവിഷ്കരിച്ചതെന്നും , ടി പദ്ധതി വഴി ആയതിന് ഒരുപരിധി വരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടെന്നും കൂടാതെ പ്രസ്തുത പദ്ധതി വളരെ കാര്യക്ഷമതയോടെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഗുരുവായൂർ മുനിസിപ്പൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഗുരുവായൂരിലെ ജലക്ഷാമത്തിനു ഉതകുന്ന പദ്ധതിയായതിനാൽ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി സബസിഡിയിനത്തിൽ നല്കിയ തുകകയ്ക്ക് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് ഗുരുവായൂർ മുനിസിപ്പൽ കൗൺസിൽ സർക്കാരിലേക്ക് **പരാമർശം(4) പ്രകാരം** അപേക്ഷിച്ചിട്ടുണ്ട്.

**4)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പദ്ധതി തയ്യാറാക്കി സബസിഡി നൽകിയത് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനമാണെങ്കിലും പദ്ധതി നിർവ്വഹണത്തിലെ ഇത്തരം ജാഗ്രതക്കുറവ് ന്യായീകരിക്കാവുന്നതല്ലെങ്കിലും പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം ശുദ്ധജലദൗർലഭ്യത്തിനും വേനൽക്കാലത്തെ ജലക്ഷാമത്തിനുള്ള പരിഹാരം ഒരുപരിധിവരെ കൈവരിച്ചിട്ടുണ്ടെന്നതിനാലും പരാമർശം (1),(4) എന്നിവ പരിഗണിച്ചും, ഗുരുവായൂർ നഗരസഭയിൽ 2009-10 സാമ്പത്തിക വർഷം നടപ്പാക്കിയ മഴപ്പൊലിമ പദ്ധതിക്ക് മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി സബ്സിഡിയിനത്തിൽ ചെലവു ചെയ്ത 2.62 ലക്ഷം രൂപയ്ക്ക് ( രണ്ട് ലക്ഷത്തി അറുപത്തിരണ്ടായിരം രൂപ മാത്രം ) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.ആർ.പഴനിയമ്മ
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ, കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഗുരുവായൂർ നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

2